# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 355      31-01-2014 ലെ മറുപടിയ്ക്ക്

## വികലാംഗർക്ക് ഭാഗ്യക്കുറി ഏജൻസികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.പി.കെ.ഗുരുദാസൻ :<br>ശ്രീ.സി.കൃഷ്ണൻ:<br>ശ്രീമതി.കെ.കെ.ലതിക : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് നിർത്തിവെച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br>ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) & ബി) | കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികൾ, നിലവിലുള്ള ഏജന്റുമാർക്ക് നൽകാൻ തികയാത്ത സാഹചര്യത്തിൽ ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിക്കുന്നതുവരെ പുതിയ ഏജൻസി അനുവദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഭാഗ്യക്കുറിയുടെ വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് അച്ചടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് പുതിയ ലോട്ടറി ടിക്കറ്റ് അച്ചടി മെഷീൻ വാങ്ങുന്നതിനായി 6 കോടി രൂപയുടെ വായ്പ അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ പ്രസ്സുകളിൽ ടിക്കറ്റ് അച്ചടി പുനഃരാരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ടിക്കറ്റിന്റെ അച്ചടി വർദ്ധിപ്പിച്ചതിനുശേഷം പുതിയ ഏജൻസി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. |
| സി) വികലാംഗർക്ക് ലോട്ടറി ഏജൻസി അനുവദിക്കുന്നത് നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | സി) | വികലാംഗർക്ക് മാത്രമായി ഏജൻസി നൽകുന്നത് നിർത്തിവെച്ചിട്ടില്ല. ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിക്കുന്നത് വരെ പുതിയ ഏജൻസി അനുവദിക്കുന്നത് താല്ക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വൻകിട ഏജൻസികൾ ഭൂരിഭാഗം ടിക്കറ്റുകളും വാങ്ങുന്നതു മൂലം വികലാംഗർക്കും മറ്റും ടിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വികലാംഗർ ഉൾപ്പെടെയുള്ള ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യമാക്കുന്നതിനായി നറുക്കെടുപ്പിന് 72 മണിക്കൂർ മുമ്പ് ഒരു ഏജന്റിന് പരമാവധി 50,000 ടിക്കറ്റേ നൽകാവൂയെന്നും, എല്ലാ ചെറുകിട ഏജന്റുമാർക്കും 125 ടിക്കറ്റെങ്കിലും നൽകണമെന്നും, 12,000 ടിക്കറ്റിനുമുകളിൽ ടിക്കറ്റെടുക്കുന്ന ഏജന്റുമാരിൽ നിന്നും 15% വരെ ആനുപാതികമായി വെട്ടിക്കുറവ് വരുത്തി ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പാക്കണമെന്നും എല്ലാ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | | |
| എഫ്) | നിലവിൽ അച്ചടിക്കുന്നതിലും കൂടുതൽ ടിക്കറ്റുകൾ ഓരോ ലോട്ടറിക്കും അച്ചടിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | എഫ്) | നിലവിൽ അച്ചടിക്കുന്നതിലും കൂടുതൽ ടിക്കറ്റുകൾ ഓരോ ലോട്ടറിക്കും അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളായ പൗർണമി, വിൻ-വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയായി ഉയർത്തി, 7 പരമ്പരകളിലായി 63 ലക്ഷം ടിക്കറ്റുകൾ വരെ അച്ചടിക്കുന്നതിനുള്ള സമ്മാനഘടന തയ്യാറാക്കിയിട്ടുണ്ട്. അദ്യഘട്ടത്തിൽ മേൽപറഞ്ഞ ഭാഗ്യക്കുറികൾക്ക് ഓരോന്നിനും 7 സീരീസിലായി ആകെ 49 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ച് 2014 മാർച്ച് മാസത്തെ നറുക്കെടുപ്പുകൾക്കായി തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടിക്കറ്റുകളുടെ ആവശ്യകതയ്ക്കനുസരണമായി അച്ചടി ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് പുതിയ ലോട്ടറി ടിക്കറ്റ് അച്ചടി മെഷീൻ വാങ്ങുന്നതിനായി 6 കോടി രൂപ |

യുടെ വായ്പ അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ പ്രസ്സുകളിൽ ടിക്കറ്റ് അച്ചടി പുനഃരാരംഭി ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാ ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.